# DESHABHIMANI - 19-03-2025

## മത്സ്യമേഖലയിലെ സംരംഭസാധ്യതകൾ തുറന്നുകാട്ടി സിഫ്റ്റ് അക്വാബിസ്




മത്സ്യമേഖലയിലെ സംരംഭകസാധ്യതകൾ വികസിപ്പിക്കുന്നതിനായി ഐസിഎആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് സംഘടിപ്പിച്ച 'അക്വാബിസ് 2.0' സംരംഭക സെമിനാറിൽനിന്ന്

**കൊച്ചി**

കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം മത്സ്യമേഖലയിലെ സംരംഭകസാധ്യതകൾ വികസിപ്പിക്കുന്നതിനായി 'അക്വാബിസ് 2.0' എന്ന പേരിൽ സൗജന്യ സംരംഭക സെമിനാർ സംഘടിപ്പിച്ചു. അഗ്രിഇന്നൊവേറ്റ് ഇന്ത്യ, ഐസിഎആർ ഐപി ആൻഡ് ടിഎം യൂണിറ്റ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുമായി സഹകരിച്ചാണ് സെമിനാർ. ഐസിഎആറിനു കീഴിലുള്ള മത്സ്യ ഗവേഷണ സ്ഥാപനങ്ങളിലെ പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തി.

പനമ്പിള്ളി നഗറിലെ ഹോട്ടൽ അവന്യൂ സെന്ററിൽ നടന്ന പരിപാടിയിൽ സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷനായി. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻഎഫ്ഡിബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ്കുമാർ ബെഹ്റ മുഖ്യാതിഥിയായിരുന്നു. സിഎംഎഫ്ആർഐ ഷെൽ ഫിഷ് വിഭാഗം മേധാവി ഡോ. എ പി ദിനേശ് ബാബു, അഗ്രിഇന്നൊവേറ്റ് ഇന്ത്യ ലിമിറ്റഡ് സിഇഒ ഡോ. പ്രവീൺ മാലിക്, ഡയറക്ടർബോർഡ് അംഗം ആനന്ദ് മോഹൻ അവസ്തി, ബിസിനസ് മാനേജർ വി സി ധ്രുവ, ഡോ. സി ഒ മോഹൻ, ഡോ. യു പാർവതി എന്നിവർ സംസാരിച്ചു. ഐസിഎആർ സിഫ്റ്റും വിവിധ വ്യവസായപങ്കാളികളും തമ്മിലുള്ള ധാരണപത്രം ചടങ്ങിൽ കൈമാറി.